## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1389 07.06.2018-ൽ മറുപടിക്ക്

### മലപ്പുറം ജില്ലയിലെ എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടു കോഴ്സ്

<table>
<tr><td>ചോദ്യം<br><br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.പി.ഉബൈദുള്ള</td><td>ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ) മലപ്പുറം ജില്ലയിൽ കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ തുടർവിദ്യാഭ്യാസത്തിന് യോഗ്യത നേടിയ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് ടു സീറ്റുകൾ നിലവിലില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(എ) മലപ്പുറം ജില്ലയിൽ കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ തുടർവിദ്യാഭ്യാസത്തിന് യോഗ്യത നേടിയ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് ടു സീറ്റുകൾ നിലവിലില്ലാത്ത അവസ്ഥയില്ല.</td></tr>
<tr><td>(ബി) പലർക്കും അവരുടെ അഭിരുചിയ്ക്ക് അനുസൃതമായ വിഷയങ്ങൾ പഠിക്കാൻ അവസരം ലഭിക്കുന്നില്ല എന്നത് അനുഭാവപൂർവ്വം പരിഗണിക്കുമോ;</td><td>(ബി) സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികളുടെയും അഭിരുചിക്കനുസൃതമായി വിഷയങ്ങൾ അനുവദിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എന്നിരുന്നാലും കൂടുതൽ വിദ്യാർത്ഥികൾ താത്പര്യം പ്രകടിപ്പിക്കുന്ന സയൻസ്, കോമേഴ്സ് വിഷയങ്ങളിൽ പ്ലസ് ടു സീറ്റുകൾ കൂടുതലായി അനുവദിച്ചു വരുന്നുണ്ട്.</td></tr>
<tr><td>(സി) പ്ലസ് ടു അനുവദിക്കാത്ത എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടു കോഴ്സ് അനുവദിച്ച് ഇക്കാര്യത്തിൽ വിദ്യാർത്ഥികളുടേയും രക്ഷകർത്താക്കളുടേയും ആശങ്കകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?</td><td>(സി) എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടു കോഴ്സ് അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ.